# അത്യാധുനിക നേത്ര ശസ്ത്രക്രിയക്ക് വിശ്വസനീയ സ്ഥാപനം ദിവ്യപ്രഭ കണ്ണാശുപത്രി

കേരള സർക്കാറിൻെറ നേത്രരോഗ ഉപദേഷ്ടാവും റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയുടെ സ്ഥാപക ഡയറക്ടറുമായ ഡോ. സുശീലാ പ്രഭാകരൻ ഗവൺമെൻറ് കണ്ണാശുപത്രിയിൽനിന്നും വിരമിച്ചശേഷം ഒരു ചെറിയ നേത്രരോഗ ക്ലിനിക്കായി തുടങ്ങിയ ദിവ്യപ്രഭ ഇപ്പോൾ അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു കണ്ണാശുപത്രിയായി വളർന്നിരിക്കുന്നു. ആദ്യകാലങ്ങളിൽ ഔട്ട്പേഷ്യൻറ് വിഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശസ്ത്രക്രിയകൾ ജി.ജി. ഹോസ്പിറ്റലിൽ വെച്ചാണ് ചെയ്തിരുന്നത്.



*അർപണബോധത്തോടെ ആത്മാർഥ സേവനം –അമ്മയും മകനും*

2001–ൽ താക്കോൽദ്വാര തിമിര ശസ്ത്രക്രിയക്ക് (Phaco) വേണ്ടി അമേരിക്കയിൽ നിന്നും ജർമനിയിൽനിന്നും ഇറക്കുമതി ചെയ്ത അത്യാധുനിക ഉപകരണങ്ങളോടുകൂടി ഓപറേഷൻ തീയറ്റർ തുടങ്ങുകയുണ്ടായി. ആധുനിക തിമിര ശസ്ത്രക്രിയക്ക് പുറമേ കൺപോളകൾക്കുള്ള (Plastic Surgery), കണ്ണിലെ പാട നീക്കൽ, കോങ്കണ്ണ്, ഗ്ലോക്കോമ എന്നിവയ്ക്കുള്ള ശസ്ത്രക്രിയയും ഇവിടെ നടത്തുന്നുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഈ സൗകര്യം എത്തിക്കുന്നതിനുവേണ്ടി ഡോ. എൻ. പ്രഭാകരൻ മെമ്മോറിയൽ നേത്രപരിശോധനാക്യാമ്പ് നടത്തിവരുന്നു. ഇതിനകം തന്നെ അനേകം നിർധനരോഗികൾ ഈ പദ്ധതിയിലൂടെ കാഴ്ച വീണ്ടെടുത്തിട്ടുണ്ട്.

**ഒരു വലിയ ആശുപത്രിയുടെ തിക്കും തിരക്കുമില്ലാതെ ഓരോ രോഗിക്കും പ്രത്യേകം ശ്രദ്ധ ലഭിക്കത്തക്കരീതിയിൽ ആത്മാർഥതയോടെ പ്രവർത്തിക്കുന്ന ഒരുപറ്റം** Paramedical Staff **ഇവിടുത്തെ പ്രത്യേകതയാണ്.** ഓപറേഷൻെറ എല്ലാ വശങ്ങളും പറഞ്ഞ് മനസ്സിലാക്കിക്കൊടുത്ത് രോഗിയുടെ ഉത്കണ്ഠ തീർത്തും മാറ്റിയിട്ടാണ് പരിചിതമായ ചുറ്റുപാടിൽ ചികിൽസ നടത്തുന്നത്. ഒട്ടും പിരിമുറുക്കമില്ലാതെ രോഗി ഓപറേഷന് മുമ്പും ഓപറേഷൻ സമയത്തും അതിനുശേഷവും ശാന്തനായിരിക്കും.

ഡോ. സുശീലാപ്രഭാകരൻെറ മകൻ ഡോ. ദേവിനും ഈ സ്ഥാപനത്തിൽ സേവനും അനുഷ്ഠിക്കുന്ന ഇംഗ്ലണ്ടിലെ റോയൽ വിക്ടോറിയ ആശുപത്രിയിൽനിന്നും ഗ്ലോക്കോമയിലും, ചെന്നൈയിലെ ശങ്കരാനേത്രാലയത്തിൽ നിന്നും ആധുനികതിമിര ശസ്ത്രക്രിയയിലും ഡോ. ദേവിൻ പ്രത്യേക പരിശീലനം നേടിയിട്ടുണ്ട്.

**ഡോ. സുശീലാപ്രഭാകരൻെറ മേൽനോട്ടത്തിൽ ഈ സ്ഥാപനം വളരെപെട്ടെന്ന് തന്നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കയാണ്.** അമേരിക്ക, ഇംഗ്ലണ്ട് മുതലായ വികസിത രാജ്യങ്ങളിൽനിന്നുപോലും രോഗികൾ ദിവ്യപ്രഭയിൽ ശസ്ത്രക്രിയക്ക് എത്തുന്നുണ്ട്. അമേരിക്കയിൽ എല്ലാ വർഷവും പരിശീലനത്തിനായ ഡോ. സുശീലാ പ്രഭാകരൻ സന്ദർശിക്കുന്ന സിൻസിനാൻറി കണ്ണാശുപത്രിയുടെ മാതൃകയിൽ ദിവ്യപ്രഭയെ ആക്കുവാനാണ് ഡോക്ടർ ശ്രമിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് കുമാരപുരത്തുള്ള ദിവ്യപ്രഭ കണ്ണാശുപത്രിയിൽ നേരിട്ടോ 2442050 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.